# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4241 — 12/11/2019-ൽ മറുപടിക്ക്

### ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയുടെ നടത്തിപ്പിനായുള്ള കരാറുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.വി.ഡി.സതീശൻ**<br>**,, കെ.എസ്.ശബരീനാഥൻ**<br>**,, ഐ.സി.ബാലകൃഷ്ണൻ**<br>**,, സണ്ണി ജോസഫ്** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | കിഫ്ബി വഴി നടപ്പിലാക്കുന്ന ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയുടെ നടത്തിപ്പിനായി ഏതൊക്കെ കരാറുകളിലാണ് ഊർജ്ജ വകുപ്പും കെ.എസ്.ഇ.ബി. യും ഏർപ്പെട്ടിട്ടുള്ളത്; എല്ലാ കരാറുകളുടെയും വിശദാംശങ്ങൾ നൽകാമോ; | (എ) | ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയ്ക്ക് ധനസഹായം ലഭ്യമാക്കുന്നതിനായി കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ്, കേരള ഗവൺമെന്റ്, കിഫ്ബി എന്നീ കക്ഷികൾ ഉൾപ്പെടുന്ന ഒരു ത്രികക്ഷി കരാറിലാണ് കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് ഒപ്പ് വച്ചിട്ടുള്ളത്. 17.07.2017-ൽ ഒപ്പ് വച്ച പ്രസ്തുത കരാറിൽ കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് ഒന്നാം കക്ഷിയും, കേരള ഗവൺമെന്റ്, കിഫ്ബി എന്നിവർ യഥാക്രമം രണ്ടും മൂന്നും കക്ഷികളുമാണ്. |
| (ബി) | പ്രസ്തുത കരാർ പ്രകാരം സർക്കാർ ഉത്തരവുകൾ കെ.എസ്.ഇ.ബി.ക്ക് ബാധകമാണെന്ന് പറയുമ്പോൾ സർക്കാരിന്റെ ഉത്തരവുകൾ ഒന്നും ബാധകമല്ലെന്ന് കെ.എസ്.ഇ.ബി പറയുന്നത് എന്തുകൊണ്ടാണ്; | (ബി) | സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളിൽ കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന് ബാധകമായ ഉത്തരവുകൾ അനുസരിച്ച് പദ്ധതി നടപ്പാക്കണമെന്നാണ് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന്റെ നിലപാടും ഇതുതന്നെയാണ്. |
| (സി) | നിയമപരമായി ഉണ്ടാക്കിയ കരാർ നിഷ്കർഷിക്കുന്ന നിബന്ധനകൾ പാലിക്കാൻ കെ.എസ്.ഇ.ബി.ക്ക് ബാധ്യതയുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് ഒപ്പ് വച്ചിട്ടുള്ള ത്രികക്ഷി കരാറിലെ നിബന്ധനകൾ പാലിക്കാൻ കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന് ബാധ്യതയുണ്ട്. |
| (ഡി) | ഇന്ത്യൻ ഭരണഘടനയുടെ പന്ത്രണ്ടാം വകുപ്പിൽ സ്റ്റേറ്റ് എന്ന നിർവചനത്തിൽപ്പെടുന്ന സർക്കാർ കമ്പനിയായ കെ.എസ്.ഇ.ബി.ക്ക് സർക്കാർ ഉത്തരവുകൾ ബാധകമല്ലാത്തത് ഏത് നിയമത്തിന്റെ പിൻബലത്തിലാണ് എന്ന് വിശദമാക്കാമോ? | ഡി) | സർക്കാർ ഉത്തരവുകൾ ബാധകമല്ല എന്ന നിലപാട് കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ